# കുടുംബ വിശേഷങ്ങൾ

## വിവാഹം



പാവൂടത്ത് കാറ്റാടിയിൽ ശ്രീ. എബ്രഹാമിന്റെയും, ശ്രീമതി മിനിയുടെയും മകൾ മേഘയും, ചെന്നൈ സെ. ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ ചരുവിളയിൽ പുത്തൻവീട്ടിൽ സി. കെ. ജോണിന്റെയും, സൂസന്റെയും മകൻ ബെനറ്റും തമ്മിലുള്ള വിവാഹം 2008 ജനുവരി 27-ാം തീയതി ചെന്നൈ സെ. പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയിൽ നടന്നു.

പാലാരിവട്ടം വെണ്ണലയിൽ വലിയപറമ്പിൽ പരേതനായ ആർ. എക്സ്. വിക്റ്ററിന്റെയും മേരി വിക്റ്ററിന്റെയും മകൻ തോമസും വൈറ്റില സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ മീനാറ്റൂർ വീട്ടിൽ ഇമ്മാനുവേലിന്റെയും ബേബിയുടെയും മകൾ ബിസ്മിയും തമ്മിലുള്ള വിവാഹം 2008 ജനുവരി മാസം 27-ാം തീയതി ഞായറാഴ്ച സെ. മേരീസ് കത്തീഡ്രലിൽ നടന്നു.

ഏരൂർ വാലിയിൽ ശ്രീ. വി. സി. രാജുവിന്റെയും ശ്രീമതി ലീലാമ്മയുടെയും മകൾ എൽസായും, പുനലൂർ വാളക്കോട് സെ. ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിൽ പുത്തൻവീട്ടിൽ ശ്രീ. എം. വി. തങ്കച്ചന്റെയും ശ്രീമതി സലീനയുടെയും മകൻ റോഷിനും തമ്മിലുള്ള വിവാഹം 21-01-2008 തിങ്കളാഴ്ച വാളക്കോട് സെ.ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## മാമോദീസ

1. കാട്ടിത്തറ റോഡിൽ സജീവാലയത്തിൽ ശ്രീ. ഡാനിയേലിന്റെയും ശ്രീമതി നിസ്സി നൈനാന്റെയും മകൻ **ലിയോൺ എബ്രഹാം ഡാനിയലിന്റെ** മാമോദീസ 02-02-2008 ൽ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.
2. പവർഹൗസ് റോഡിൽ തൈക്കടവിൽ ശ്രീ. അലക്സ് കുര്യന്റെയും സ്വപ്ന അലക്സിന്റെയും മകൾ **ഗ്രേസ് ആൻ അലക്സിന്റെ** മാമോദീസ 03-02-2008 ൽ സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

*ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!*

## നിര്യാതരായി



കലൂർ ജെ.എം കാസിലിൽ ലെഫ്. കമാണ്ടർ ജോൺ വർഗ്ഗീസ് പണിക്കരുടെ മകൻ ബോറിസ് ജോർജ്ജ് ജോൺ(31), 17-02-2008 ൽ നിര്യാതനായി. സംസ്കാരം എളംകുളം സെമിത്തേരിയിൽ നടത്തി.



റ്റി. ഡി. റോഡിൽ പുത്തൻപുരയ്ക്കൽ പി.കെ. സൈമൺ(65), 28-01-2008 ൽ നിര്യാതനായി. സംസ്കാരം എളംകുളം സെമിത്തേരിയിൽ നടത്തി. ഭാര്യ മേരി കോട്ടയം പോളച്ചിറയ്ക്കൽ കുടുംബാംഗമാണ്.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു*

# The End Is Near!

A local priest and a pastor were fishing on the side of the road. They thoughtfully made a sign saying,

"The End is Near! Turn yourself around now before it's too late!"

and showed it to each passing car. One driver who drove by didn't appreciate the sign and shouted at them,

"Leave us alone, you religious nuts!"

All of a sudden they heard a big splash, looked at each other, and the priest said to the pastor,

"You think maybe we should have just said 'Bridge Out' instead?"

# വിശേഷദിവസങ്ങൾ

### മാർച്ച്

| | | | |
|---|---|---|---|
| 5 | ബുധൻ | സന്ധ്യാ പ്രാർത്ഥന, പ്രസംഗം. ഫാ. വി. എം. എബ്രഹാം | 6.30 pm |
| 6 | വ്യാഴം | സന്ധ്യാ പ്രാർത്ഥന, പ്രസംഗം. ഫാ. സി. ഡി. രാജൻ നെല്ലില | -do- |
| 7 | വെള്ളി | സന്ധ്യാ പ്രാർത്ഥന, പ്രസംഗം. ഫാ. സ്പെൻസർ കോശി | -do- |
| 8 | ശനി | സന്ധ്യാ പ്രാർത്ഥന, പ്രസംഗം. ഫാ. ഡോ. സാബു കുര്യാക്കോസ് | -do- |
| 9 | ഞായർ | സമിയോ - പിറവിക്കുരുടനെ സൗഖ്യമാക്കിയ ഞായറാഴ്ച, കാതോലിക്കാദിനം | |
| 14 | വെള്ളി | നാൽപതാം വെള്ളിയാഴ്ച | |
| 15 | ശനി | ലാസറിന്റെ ശനിയാഴ്ച | |
| 16 | ഞായർ | ഓശാന ഞായറാഴ്ച. കത്തീഡ്രലിൽ 7ന് ആരംഭിക്കുന്ന ഒരു വി. കുർബ്ബാന മാത്രം. വൈകിട്ട് 6.30ന് പ്രസംഗം ഫാ. ഡോ. ജോൺ പണിക്കർ. | |
| 17 | തിങ്കൾ | പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ (സീയോൻ സെമിനാരി, കൊരട്ടി). വൈകിട്ട് 6.30ന് പ്രസംഗം ഫാ. മത്തായി ഇടയനാൽ | |
| 18 | ചൊവ്വ | വൈകിട്ട് 6.30ന് പ്രസംഗം ഫാ. ഡോ. റ്റി. പി. ഏലിയാസ് | |
| 20 | വ്യാഴം | പെസഹാ വ്യാഴാഴ്ച | |
| 21 | വെള്ളി | ദുഃഖവെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച) | |
| 22 | ശനി | ദുഃഖശനിയാഴ്ച. കത്തീഡ്രലിൽ 11 മണിക്ക് വി. കുർബാന | |
| 23 | ഞായർ | ഉയർപ്പ് ഞായറാഴ്ച | |
| 25 | ചൊവ്വ | വചനിപ്പു പെരുന്നാൾ | |
| 30 | ഞായർ | പുതുഞായറാഴ്ച | |

### ഏപ്രിൽ

| | | | |
|---|---|---|---|
| 5 | ശനി | പാമ്പാടി കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മ | |

*Sponsored by:*




Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
***Email: georgekaithayil@yahoo.com***
***For Private Circulation only***





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 2 ● ISSUE : 3 MARCH 2008

# എഡിറ്റോറിയൽ

## കഷ്ടപ്പെടുന്നവരെ സഹായിക്കുക

ഒരിക്കൽ ധാരാളം നന്മചെയ്തിരുന്ന ഒരു സാമൂഹ്യപ്രവർത്തകനോട് ഒരാൾ ചോദിച്ചു. നിങ്ങൾ ഉടനെ മരിക്കുവാൻ പോകയാണെന്ന് അറിഞ്ഞാൽ എന്തുചെയ്യും.

അയാളുടെ മറുപടി ഇങ്ങനെയായിരുന്നു. ബാക്കിയുള്ള സമയംകൊണ്ട് എന്നെക്കാൾ സ്ഥിതി മോശമായ ആരെയെങ്കിലും കണ്ടുപിടിച്ച് സഹായിക്കാൻ ശ്രമിക്കും. മറ്റൊരുവന്റെ പ്രയാസങ്ങൾ മാറ്റാൻ ശ്രമിക്കുന്നത് നമ്മുടെ പ്രയാസങ്ങൾ മറക്കാൻ സഹായിക്കും. നമുക്കു ക്ലേശങ്ങളും ദുരിതങ്ങളുമുള്ളപ്പോൾ നാം നമ്മെക്കുറിച്ചുമാത്രം ചിന്തിച്ചുപോയെന്നുവരും. അങ്ങനെയുള്ളപ്പോൾ നാം നമ്മിലേക്കുതന്നെതിരിയാതെ, നമ്മുടെ ചുറ്റുപാടും നമ്മെക്കാൾ കഷ്ടപ്പാടുകളും വിഷമവും അനുഭവിക്കുന്നവരിലേക്കു ശ്രദ്ധതിരിക്കണം. ദൈവവിശ്വാസികൾക്കുമാത്രം സാധിക്കുന്ന ഒന്നാണിത്.

നിരാശനായ ജോൺ ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ തീരുമാനിച്ച് പാലത്തിൽനിന്ന് അഗാധമായ പുഴയിലേക്കുചാടി. ഇതു കണ്ട വഴിപോക്കൻ ഒന്നുമാലോചിക്കാതെ ജോണിനെ രക്ഷിക്കാൻ പുഴയിലേക്കുചാടി. പക്ഷേ അയാൾക്കു നീന്തൽ അറിയുവാൻ പാടില്ലായിരുന്നു. ജോൺ നല്ല നീന്തൽക്കാനരനുമായിരുന്നു. തന്നെ രക്ഷിക്കുവാൻ പുറകെ ചാടിയവൻ ഒഴുക്കിന്റെ ആധിക്യം കൊണ്ട് മരണത്തോടു മല്ലടിക്കുന്നത് ജോൺ കണ്ടു. പെട്ടെന്ന് ആന്തരിക പ്രചോദനമുണ്ടായി ജോൺ അയാളെ രക്ഷിക്കുന്നു. ഇത് ജോണിന്റെ ജീവിതത്തിലേക്കുള്ള തിരിച്ചുവരവിനു സഹായിച്ചു. മറ്റുള്ളവരെ സഹായിക്കുന്നത് നമ്മിൽ തന്നെ വലിയ മാറ്റം വരുത്തും.

നിത്യജീവനെ പ്രാപിക്കുവാൻ ഞാൻ എന്തുചെയ്യണം എന്ന് യുവാവ് യേശുവിനോടു ചോദിച്ചു. നീ പോയി നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്ക. എങ്കിൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും. പിന്നെവന്ന് എന്നെ അനുഗമിക്ക (മത്താ 19:21). ഇതായിരുന്നല്ലോ യേശുവിന്റെ ഉത്തരം. ആ യുവാവിന് ദൈവവചനം സ്വീകാര്യമായിരുന്നില്ല. പണം ധന്യമാകുന്നത് അതു വേണ്ടവിധത്തിൽ ചെലവഴിക്കുമ്പോഴാണ്. അതു കൂട്ടിവച്ചുകൊണ്ടിരുന്നാൽ മനസ്സമാധാനം നഷ്ടപ്പെടുകയേയുള്ളൂ.

അടുത്തിടെ ഒരു സ്നേഹിതൻ പറയുകയുണ്ടായി അയാൾ ഉൾപ്പെട്ടുനിൽക്കുന്ന മതവിശ്വാസമനുസരിച്ച് കഷ്ടപ്പെടുന്നവരെ സഹായിക്കാൻ ബുദ്ധിമുട്ടാണ്. എന്തെന്നാൽ അവർ കഷ്ടപ്പെടണമെന്നുള്ളത് ദൈവനിശ്ചയമാണ്. അതു നമ്മൾ മാറ്റിക്കൂടാ എന്ന്.

ദൈവം കഷ്ടപ്പാടും ദാരിദ്ര്യവും സൃഷ്ടിച്ചത് കഴിവുള്ളവരിൽ നന്മയുണ്ടാക്കുവാനും അതിൽക്കൂടി ദൈവമഹത്വം കാണിച്ചുകൊടുക്കാനുമാണെന്നു വിശ്വസിക്കരുതോ. കഷ്ടപ്പാടുകൾ നമുക്കുമുണ്ടാകാം എന്നുള്ള വിചാരമുണ്ടെങ്കിൽ ദൈവഭയവും, ദൈവവിശ്വാസവും നമ്മെ കൈവിടുകയില്ല. ആവശ്യക്കാരെ സഹായിക്കുകവഴി ദൈവാനുഗ്രഹം നേടാൻ ശ്രമിക്കുക.



# ഡോ. തോമസ് മാർ മക്കാറിയോസ് കാലം ചെയ്തു

മലങ്കര ഓർത്തഡോക്സ് സഭയുടെ യു.കെ, യൂറോപ്പ്, കാനഡ ഭദ്രാസനാധിപൻ ഡോ. തോമസ് മാർ മക്കാറിയോസ് (82) കാലം ചെയ്തു. ബ്രിട്ടണിൽ വച്ചുണ്ടായ കാറപകടത്തെ തുടർന്ന് ചികിത്സയിലായിരുന്ന തിരുമേനിയുടെ അന്ത്യം 23-02-2008 നായിരുന്നു. മക്കാറിയോസ് എന്ന വാക്കിന്റെ അർത്ഥം അനുഗ്രഹീതൻ എന്നാണ്. മലങ്കരസഭയിൽ ആ നാമത്തിലുള്ള ആദ്യത്തെ തിരുമേനിയാണ് ഡോ. തോമസ് മാർ മക്കാറിയോസ്. അദ്ദേഹം പല കാര്യങ്ങളിലും ഒന്നാമനായിരുന്നു.

സഭയിൽ ബാഹ്യകേരളഭദ്രാസനത്തിനുവേണ്ടി പട്ടമേറ്റ ആദ്യ വൈദികൻ, ഡൽഹി ഇടവകയുടെ ആദ്യ വികാരി, ബോംബെ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത, അമേരിക്കൻ ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്ത, കാനഡ, യൂറോപ്പ് ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്ത എന്നീ സ്ഥാനങ്ങളാണ് മറ്റുള്ളവ.

പകലോമറ്റം തറവാടിന്റെ ശാഖയായ അയിരൂർ താഴമൺ കുറ്റിക്കണ്ടത്തിൽ കുടുംബത്തിൽ ചാക്കോയുടെയും, മറിയാമ്മയുടെയും പുത്രനായി 1926 മെയ് 26 നു ജനിച്ച കെ.സി. തോമസ് (തങ്കച്ചൻ) ആണ് പിതാമഹന്റെ പാത പിന്തുടർന്ന് വൈദിക പട്ടം സ്വീകരിച്ചത്. അലക്സാണ്ടർ കത്തനാരാണ് പിതാമഹൻ. ഇന്റർമീഡിയറ്റ് പാസായശേഷം പിതാമഹന്റെ മാനേജ്മെന്റിൽ ഉണ്ടായിരുന്ന കുമ്പളന്താനം സ്കൂളിൽ അദ്ധ്യാപകനായാണ് ജോലി ആരംഭിച്ചത്. സ്കൂൾ അദ്ധ്യാപക ജോലി താൽക്കാലികമായിരുന്നു. ദൈവവിളി സ്വീകരിച്ച് പെരിനാട് ബഥനി ആശ്രമാധിപൻ മാർ തേവാദോസിയോസിനെ തേടിച്ചെന്ന അദ്ദേഹം മെത്രാപ്പോലീത്തയുടെ ഉപദേശപ്രകാരം പഴയസെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1952-ൽ പ. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവ വൈദിക പട്ടം നൽകി. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും ചരിത്രത്തിലും, പൊളിറ്റിക്സിലും ബിരുദം നേടി. തുടർന്ന് അമേരിക്കയിലെ വിസ്ക്കോൺസിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി. യും, അലക്സാണ്ട്രിയ എപ്പിസ്കോപ്പൽ സെമിനാരിയിൽ നിന്ന് എസ്. ടി. എമ്മും, റിച്ച്മോണ്ട് യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കി. 1975ൽ നിരണത്തു വച്ച് മെത്രാൻ പട്ടം സ്വീകരിച്ചു. തുടർന്ന് ബോംബെ, അമേരിക്ക എന്നീ ഭദ്രാസനങ്ങളുടെ അധിപനായി പ്രവർത്തിച്ചു. 1993 ഓഗസ്റ്റിലാണ് യു.കെ., യൂറോപ്പ്, കാനഡ ഭദ്രാസനാധിപനായത്.

റമ്പാൻ ലാസറസ് കോർ എപ്പിസ്കോപ്പ (കാനഡ), കെ.സി. മാത്യൂ കോർ എപ്പിസ്കോപ്പ, സിസ്റ്റർ മറിയം (ബഥനി കോൺവെന്റ്), കെ.സി. അന്നമ്മ (റാന്നി) എന്നിവർ മാർ മക്കാറിയോസിന്റെ സഹോദരങ്ങളാണ്. കബറടക്കം മാർച്ച് മാസം 3-ാം തീയതി ദേവലോകം അരമനയിൽ നടക്കും.

## ഇടയ സന്ദേശം

# ജ്വലിക്കുന്ന ഹൃദയങ്ങൾക്ക് വചനത്തിന്റെ സമാധാനം

**ഡോ. യാക്കോബ് മാർ ഐറേനിയോസ്**
(മെത്രാപ്പോലീത്ത, മദ്രാസ് ഭദ്രാസനം)

ആത്മീയത ഈശ്വരന്റെ ദാനമാണ്. നമ്മെ തിരിച്ചറിയുവാനും നമ്മുടെ കുറവുകൾ കണ്ടെത്തുവാനും നമുക്ക് സാധിക്കുമ്പോൾ ആത്മീയതയിൽ നാം ഉയരുന്നു. വചനത്തിന്റെ നിർമ്മലത നമ്മെ ശുദ്ധീകരിക്കുവാനും ആത്മ തപനത്തിലേക്ക് നയിക്കുവാനും ഉതകട്ടെ. സഭയുടെ ശീർഷകത്വവും പൗരാണികതയും ഉയർത്തിക്കാട്ടുവാൻ അതിലെ അംഗങ്ങളായ നമ്മൾ ശക്തരാവുക. വിശ്വാസ സാരഥികളായ നമ്മുടെ പിതാമഹന്മാരുടെ മാർഗ്ഗങ്ങളെ തിരിച്ചറിയുവാനുള്ള അപൂർവ്വ അവസരം നാം നഷ്ടപ്പെടുത്തരുത്.

ലോകത്തിൽ തന്റെ സാക്ഷികളാകുവാൻ നമ്മെ ക്ഷണിച്ച ക്രിസ്തുനാഥന്റെ പാതകളിലെ വിയർപ്പു കണങ്ങൾ നമ്മെ ക്രൂശിലേയ്ക്ക്

ക്ഷണിക്കുന്ന ഒരു വലിയ നിമിഷം നാം കാതോർത്തിരിക്കുക. ആ സ്വരം നമ്മെ ക്ഷണിക്കുന്ന സ്ഥലം അവിടെ കൂടിനിൽക്കുന്ന വിശ്വാസികളിൽ നിന്നുയരുന്ന ഗാനങ്ങളും, പ്രാർഥനകളും സർവ്വ ജഗത്തിനെയും പരിശുദ്ധമാക്കട്ടെ. നാം ജനിച്ചതും, ജീവിക്കുന്നതും എന്തിനെന്ന അപൂർവ്വ സ്വരം തിരിച്ചറിയുവാൻ സാധിക്കട്ടെ. മാനവധർമ്മം ദൈവസേവനമായി കാണുന്ന ആർഷഭാരത പൈതൃകത്തെ തിരിച്ചറിയുവാൻ കഴിയണം. നാം ജനിച്ച മണ്ണിലും വളർന്ന സഭയിലും നാം ചെയ്തു തീർക്കേണ്ട അപൂർവ്വ കാര്യങ്ങൾ പൂർത്തീകരിക്കുവാൻ ലഭിക്കുന്ന വിലപ്പെട്ട നിമിഷങ്ങൾ നമുക്ക് നഷ്ടമാവരുത്. മാനവഹൃദയങ്ങളിൽ സമാധാനം ആശംസിച്ച ക്രിസ്തുനാഥൻ നമ്മിലേക്കൊഴുക്കിവിടുന്ന ശാന്തിയുടെ മന്ത്രം എത്രയോ തലമുറകളിൽ നമുക്കൊഴുക്കുവാനുണ്ട്. പ്രപഞ്ചവും വചനങ്ങളും നന്മ ചെയ്യുന്ന വ്യക്തികളും പലരെയും രൂപപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ പൂർണ്ണരൂപമായ ക്രിസ്തുനാഥന്റെ വചനങ്ങൾ നമ്മെ വിശുദ്ധരാക്കും.

ഈശ്വരജ്ഞാനം മനനത്തിലൂടെ, തപസ്സിലൂടെ ലഭിക്കുന്നു. അതിൽനിന്ന് ഹൃദ്യമായ അറിവുകൾ തലമുറകളിൽ വചനങ്ങളായി നിലകൊള്ളുന്നു. നന്മകളായ വചനങ്ങൾ കൂടിച്ചേരുമ്പോൾ അത് ശ്രവിക്കുന്ന പലരും അതിലെ നന്മകളായിത്തീരുന്നു. നമ്മെ നിയന്ത്രിക്കുവാൻ സ്വയം കഴിയാതായ ഒരു കാലഘട്ടത്തിൽ മറ്റുള്ളവർ നമ്മെ നയിക്കുന്നു. ഇവിടെ സ്വബോധത്തോടെ പ്രവർത്തിക്കുവാൻ ഈശ്വരജ്ഞാനം ആവശ്യമാണ്. അറിവിനൊപ്പം വിവേകവും കലരുവാൻ കഴിഞ്ഞാൽ സൃഷ്ടി അതുല്യമാകുന്നു. സൃഷ്ടി അനന്തസാധ്യതകളുടേതാണ്. ഇവയെ കണ്ടറിഞ്ഞ് പ്രവർത്തിക്കുവാൻ നിങ്ങൾക്ക് കഴിയണം.

**അന്വേഷിക്കുക, അറിയുക, ആയിത്തീരുക. സർവ്വ മംഗളങ്ങളും ഏവർക്കും**

---

## വികാരിയുടെ കത്ത്

# ഇന്ത്യയുടെ കാവൽ പിതാവ്

ദൈവനാമത്തിന് മഹത്വം. എല്ലാ ബുള്ളറ്റിൻ മിത്രങ്ങൾക്കും യേശുക്രിസ്തുവിന്റെ ധന്യ നാമത്തിൽ സ്നേഹവന്ദനം. ഈ ബുള്ളറ്റിൻ ഏവർക്കും അനുഗ്രഹമായിരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷിക്കുന്നു. ഭാരതത്തിന്റെ അപ്പോസ്തലനായ മാർ തോമാശ്ലീഹായെക്കുറിച്ച് സുവിശേഷങ്ങളിൽ വളരെ കുറച്ചുമാത്രമേ പ്രതിപാദിക്കുന്നുള്ളൂ. എന്നാൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ വളരെ പ്രധാനമാണ്. യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ മറിയയുടെയും, മാർത്തയുടെയും സഹോദരനായ ലാസർ ദീനമായിക്കിടക്കുന്നു എന്ന് അറിഞ്ഞിട്ടും യേശു രണ്ടുദിവസം താമസിച്ചു. അതിനുശേഷം യേശു ശിഷ്യൻമാരോട് യഹൂദ്യക്കു പോക എന്നു പറഞ്ഞു. ഈ സമയം 11 ശിഷ്യന്മാരും ഒരുമിച്ച് യേശുവിനോടു പറഞ്ഞു. ഇപ്പോൾത്തന്നെ നിന്നെ എല്ലാവരും കല്ലെറിയാൻ ഭാവിക്കുന്നു. അതുകൊണ്ട് പോകുന്നത് അപകടമാണ് എന്ന്. എന്നാൽ നാം പോക എനിക്ക് ലാസറിനെ ഉണർത്തണം എന്ന് യേശു പറഞ്ഞപ്പോൾ തോമാശ്ലീഹ മുന്നോട്ടു വന്നിട്ട് മറ്റു ശിഷ്യന്മാരോടു പറയുകയാണ് (യോഹ 11 : 16) അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക. അത്ര വിശ്വാസമുണ്ടായിരുന്നു, സ്നേഹമുണ്ടായിരുന്നു തോമസിന്, യേശുവിനോട്. മറ്റു ശഷ്യൻമാർക്ക് ഉണ്ടാവുന്നതിനേക്കാൾ അപകടഭീഷണി കൂടുതൽ തോമസിനാണ്. കാരണം അവനെ കണ്ടാൽ യേശുവിന്റെ ഇരട്ടയാണെന്നു തോന്നും. യഹൂദന്മാർ യേശുവാണെന്നുകരുതി കല്ലെറിയാൻ സാദ്ധ്യത കൂടുതൽ ദിദിമോസ് എന്ന തോമസിനെയാണ്. എന്നിട്ടും പറഞ്ഞു "അവനോടുകൂടി മരിക്കേണ്ടതിന് നാമും പോക" ഗുരുവിനോട് എത്ര സ്നേഹം സ്വന്തപ്രാണനെക്കാൾ അധികം ഭയമില്ല. യേശുവിനു വേണ്ടി മരിക്കാനും ഭയമില്ല. മറ്റു ശിഷ്യന്മാർക്ക് ഗുരു കല്ലേറുകൊള്ളും എന്ന ഭയം മാത്രമാണുള്ളതെങ്കിൽ തോമസിന് ജീവൻ നഷ്ടപ്പെട്ടേക്കുമെന്ന സാധ്യത കൂടിയുണ്ട്. കാരണം യേശുവുമായി അത്രയ്ക്ക് സാമ്യമുണ്ട്.

ഈ സാദൃശ്യം മൂലമാണ് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യേശുവിനെ പിടികൂടാൻ യൂദാസിന്റെ സഹായം തേടുന്നത്. യൂദ പറഞ്ഞു ഞാൻ ആരെ ചൂണ്ടിക്കാണിക്കുന്നോ അവനാണ് യേശു. അവനെ പിടിച്ചുകൊള്ളുക.

ഇത്രയ്ക്കു സ്നേഹവും മരിക്കാൻ തയ്യാറുമാണെങ്കിലും, രൂപത്തിൽ യേശുവുമായി സാദൃശ്യമുണ്ടെങ്കിലും സംശയം ചോദിക്കുന്ന കാര്യത്തിൽ ഇത് ഒന്നും നോക്കിയിരുന്നില്ല.

പെസഹാ ആചരിച്ചതിനുശേഷം യേശു "നിങ്ങളുടെ ഹൃദയം കലങ്ങരുത്. തന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്. ഞാൻ നിങ്ങൾക്കു ഭവനമൊരുക്കുവാൻ പോകുന്നു" എന്നു പറയുമ്പോൾ ചോദ്യം ചോദിക്കാൻ മുതിർന്നവർ അപൂർവ്വം. എന്നാൽ അതിൽ പ്രധാനി തോമസായിരുന്നു. കർത്താവേ നീ എവിടെ പോകുന്നു. അതിന് യേശു ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ ചെല്ലുന്നില്ല (യോഹ 14 : 5). ഇത്തരം ഒരു ചോദ്യം യേശു ശിഷ്യന്മാരിൽ നിന്നും ആഗ്രഹിച്ചിരുന്നു. ആരും ചോദിച്ചില്ല, എന്നാൽ തോമസ് ചോദിച്ചു. സത്യമറിയാനുള്ള ആഗ്രഹം. ശിഷ്യന്മാർ ചോദിക്കാത്തതിലുള്ള ഒരു പരിഭവം യേശു പറയുന്നു. യോഹന്നാന്റെ സുവിശേഷം 16 ന്റെ 5-ൽ കാണുന്നു. ഇപ്പോഴോ ഞാൻ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. നീ എവിടെ പോകുന്നു എന്ന് നിങ്ങൾ ആരും എന്നോടു ചോദിക്കുന്നില്ല. അതേ തോമസ് ചോദിച്ചു.

ഇങ്ങനെ സ്നേഹവാനും, ശാഠ്യക്കാരനുമായ തോമസിന് ഉത്ഥിതനെ കാണാൻ കഴിഞ്ഞില്ല. ഉയർപ്പു ഞായറാഴ്ച യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. അവരോടുകൂടെ ഇരട്ട ഉണ്ടായിരുന്നില്ല. യേശു മറ്റുശിഷ്യന്മാർക്ക് തന്റെ കൈയ്യും വിലാപ്പുറവും കാണിച്ചു (യോഹ 20 : 24-25) അവരെ കാണിച്ചെങ്കിൽ എന്നെയും കാണിക്കണം, പോരാ എനിക്കു തൊടണം (യോഹ 20 : 20). സ്നേഹത്തിന്റെ ശാഠ്യമാണ് നമുക്കവിടെ കാണാൻ കഴിയുക. അവർ കണ്ടെങ്കിൽ എനിക്കു തൊടണം.

തന്നെയുമല്ല യേശു ഉത്ഥാനം ചെയ്ത കാര്യം മറ്റുശിഷ്യന്മാരും ആദ്യം വിശ്വസിച്ചില്ല എന്ന സൂചനയും നമുക്ക് മർക്കോസിന്റെ സുവിശേഷം 16 : 13 ൽ കാണാം. മഗ്ദലനക്കാരി മറിയം പറഞ്ഞു. അവർ വിശ്വസിച്ചില്ല (മർക്കോസ് 16 : 10). രണ്ടു ശിഷ്യൻമാർ മറ്റുള്ളവരോടു പറഞ്ഞു. അത് ശിഷ്യന്മാർ വിശ്വസിച്ചില്ല. ഇതു കണ്ടിട്ട് യേശു അവരുടെ ഹൃദയ കാഠിന്യത്തെ ശാസിക്കുന്നുണ്ട്. (മർക്കോസ് 16 : 14)

തോമസ് ഒരു വെല്ലുവിളി ഉയർത്തുന്നു. ഞാൻ അവനെ തൊടും (യോഹ 20 : 25) ഇവിടെ തോമാശ്ലീഹ ശാഠ്യം പിടിക്കുന്നത് യേശുവിനെ കാണാനാണ്. പരീക്ഷിക്കാനല്ല. തോമ കാത്തിരുന്നു. യേശു വരും. അതെ 8 ദിവസം കഴിഞ്ഞ് യേശു വന്നു.

വാതിലടച്ചിരിക്കേ, യേശു അവരുടെ അടുക്കൽ വന്നു നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞ് തോമസിനെ വിളിച്ചു (യോഹ 20 : 26). തോമസിനുവേണ്ടി യേശു വന്നു. ഇതു കണ്ട് തോമസ് സ്നേഹം കൊണ്ട് തന്നോടുള്ള യേശുവിന്റെ കരുതൽ കണ്ട് അലറിവിളിച്ചു പറഞ്ഞു. എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോനേ എത്ര വലിയ വിശ്വാസ പ്രഖ്യാപനം. യേശു തന്റെ ദൈവമാണ്, കർത്താവാണ്. കർതൃപ്രാർത്ഥന കഴിഞ്ഞാൽ ഏറ്റവും വലിയ പ്രാർത്ഥന ഇതാണ്. പിന്നെ തോമാശ്ലീഹ ജീവിക്കുന്ന യേശുവിനെ സംശയിച്ചില്ല. അവൻ വാതിലടച്ചിരിക്കേ അകത്തു വരുവാൻ കഴിയുന്നവൻ തന്റെ ഹൃദയത്തിലെ ചിന്തകൾ അറിഞ്ഞ് ആവശ്യങ്ങൾ നടത്തിത്തരുന്നവൻ. ഈ ബോധ്യം മറ്റുശിഷ്യന്മാരിൽ നിന്ന് തോമാശ്ലീഹയെ വ്യത്യസ്തനാക്കി. യേശുശിഷ്യന്മാരെ ഈരണ്ടായി പറഞ്ഞയച്ചു ലോകംമുഴുവൻ സുവിശേഷമറിയിക്കാൻ. എന്നാൽ ഭാരതത്തിലേക്ക് തോമസിനെ മാത്രം. ഒന്നുമതി രണ്ടിന്റെ ഗുണം ചെയ്യും. ഇരട്ടയുടെ കൂടെ യേശു തന്നെ പോന്നു. തോമാശ്ലീഹയ്ക്ക് ഈ ശാഠ്യം സുദൃഢമായ അനുഭവം ആയി. ഞാൻ ഒറ്റക്കല്ല യേശു കൂടെയുണ്ട്. ഇന്നും യേശു ആഗ്രഹിക്കുന്നു തോമസിനെപ്പോലെ ഒരാൾ ഇന്ത്യയിൽ സ്നേഹപൂർവ്വം ശാഠ്യം പിടിച്ചെങ്കിൽ..

**നിങ്ങളുടെ ഇടമ്പാടത്തച്ചൻ**





## ഓർമ്മയിൽ നിന്ന്

# നമ്മുടെ പള്ളിയിൽ രണ്ടു ക്രിസ്തുമസ്

## ഡിസംബർ 25നും, ജനുവരി 7നും

1950 കളിലാണ് സംഭവം. അന്ന് എറണാകുളത്ത് ഓർത്തഡോക്സ് - യാക്കോബായ വിശ്വാസികൾക്ക് ആകെയുള്ള ആരാധനാലയം എറണാകുളം സെ. മേരീസ് ഓർത്തഡോക്സ് പള്ളിയായിരുന്നു. ആ കാലഘട്ടത്തിലും രണ്ടു വിഭാഗങ്ങൾ തമ്മിൽ വഴക്കും തർക്കങ്ങളുമുണ്ടായിരുന്നെങ്കിലും, നമ്മുടെ ദേവാലയത്തിൽ പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. റവ. ഫാദർ ജേക്കബ് മുരിക്കലച്ചനായിരുന്നു ഇടവക വികാരി. അന്നൊക്കെ ജനുവരി 7-നായിരുന്നു ക്രിസ്തുമസ് ദിനം ആഘോഷിച്ചിരുന്നത്. എന്നാൽ ഇന്ത്യയ്ക്കു വെളിയിലുള്ള പല ക്രിസ്തീയ സഭകളും ക്രിസ്തുമസ് ആഘോഷം ഡിസംബർ 25-ലേക്കു മാറ്റി. അതേ തുടർന്ന് ഓർത്തഡോക്സ് സഭയും ക്രിസ്തുമസ് ഡിസംബർ 25ന് നടത്താൻ തീരുമാനിച്ചു. എന്നാൽ പാർത്രിയാർക്കീസ് വിഭാഗം ഈ മാറ്റം അന്ന് അംഗീകരിച്ചിരുന്നില്ല. എറണാകുളം പള്ളിയിൽ ഓർത്തഡോക്സ് സഭയുടെ നിശ്ചയപ്രകാരം ഡിസംബർ 25ന് വികാരി മുരിക്കലച്ചൻ ക്രിസ്തുമസ് കൊണ്ടാടി. പാർത്രിയാർക്കീസ് വിഭാഗക്കാർ വികാരിയുടെ സഹകരണമില്ലാതെ ജനുവരി 7-ാം തീയതിയും ക്രിസ്മസ് ആഘോഷിച്ചു. എന്നാൽ അതുമൂലം എന്തെങ്കിലും പ്രശ്നങ്ങളോ തർക്കങ്ങളോ തുടർന്ന് എന്തെങ്കിലും കോലാഹലങ്ങളോ പള്ളിയിൽ ഉണ്ടായില്ല എന്നതും പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. ഇടവകാംഗങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഉണ്ടായിരുന്നതുകൊണ്ടാണ് രണ്ടു ക്രിസ്തുമസ് ആഘോഷങ്ങൾ നടന്നെങ്കിലും വഴക്കുണ്ടാകാതിരുന്നത്.

**ടി. തോമസ്**

---


### St. Mary's Orthodox Cathedral, Ernakulam
### Managing Committee - 2008-09

**VICAR**
Fr. Abraham Edampadam, Mob: 9447379497

**ASST. VICAR**
Fr. Thomas Kollathal, Mob: 9446865870

**TRUSTEE**
K.K. George, Mob: 9447040484

**SECRETARY**
Cherian Korah, Mob: 9846033475

**COMMITTEE MEMBERS**
C.M. Chakkunny, Ph: 0484 - 2304424
Daniel Oommen, Mob: 944639603
Easo. C. Markose, Mob: 9447404277
George Joseph, Mob: 9846096989
K.J. Isaac, Ph: 0484 - 2322677
Joseph. P. Kurian, Ph: 0484 - 2367831
Mammen Koshy, Mob: 9446006731
V.M. Mathew, Mob: 9447305577
Sabu Cherian, Mob: 9388644777
Saju. P. Panakkal, Mob: 9447327762
Sunny. C.K., Mob: 9388619416
Thomas. T, Mob: 9947700680

**AUDITORS**
Mathew Kurian, Mob: 9446492914
Philip. C. Panakkal, Mob: 9446040445

**Ex. Officio Member**
Jacob C. Mathew, Ph: 0484 2336291


# മദ്ധ്യസ്ഥത

**ജോർജ്ജ് നിക്സൺ താച്ചയിൽ**

സഭാവിശ്വാസികളേ, നമ്മുടെ സഭയ്ക്ക് എതിരെ പ്രവർത്തിക്കുന്ന കള്ള പ്രവാചകൻമാരെ സൂക്ഷിക്കണം. അവരോട് സഹകരിക്കരുത്. അകന്നുമാറണം. സഹോദരന്മാരെ നിങ്ങൾ പഠിച്ച ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോട് അകന്നു മാറുവിൻ (റോമർ 16 : 17) ഈ കള്ള പ്രവാചകൻമാർ ചോദിക്കുന്ന ഒരു കാര്യം മദ്ധ്യസ്ഥപ്രാർത്ഥനയെന്തിന്, മദ്ധ്യസ്ഥൻ എന്തിന് എന്നെല്ലാം. ഇങ്ങനെ ചോദിക്കുന്നവരോട് പറയാനുള്ളത് (തിമോ 2 5 ദൈവം ഒരുവനല്ല ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ) വേദപുസ്തകത്തിൽ പറഞ്ഞത് ശരിയാണ്. അതിന്റെ അർത്ഥം മനുഷ്യർക്കും ദൈവത്തിനും ഇടയിൽ അതായത് പിതാവാം ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ആണ്. അല്ലാതെ യേശുവിനും മനുഷ്യർക്കും ഇടയിൽ മറ്റൊരു മദ്ധ്യസ്ഥൻ വേണ്ടെന്ന് വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ച് എന്നേക്കും ജീവിക്കുന്ന വിശുദ്ധൻമാർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ മദ്ധ്യസ്ഥത അപേക്ഷിക്കുകയും ചെയ്യുന്നത് തെറ്റാണോ. നമ്മുടെ സഭയിലെ ഓരോ വിശ്വാസിയും യേശുവിൽ വിശ്വസിക്കാതെ ജഡത്തിൽ മരിച്ചിട്ടുള്ള ഓരോരുത്തരോടും മദ്ധ്യസ്ഥതയാചിക്കുകയോ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയോ ചെയ്യില്ല. വിശുദ്ധന്മാരുടെ അസ്ഥികൾക്ക് ശക്തിയില്ലെങ്കിൽ ഏലിയാ പ്രവാചകന്റെ അസ്ഥികളിൽ വീണ മൃതശരീരം എങ്ങനെ ജീവിച്ചു. "ചിലർ ഒരു മനുഷ്യനെ അടക്കം ചെയ്യുമ്പോൾ ഒരു പടക്കൂട്ടത്തെ കണ്ടിട്ട് അയാളെ ഏലിശാവിന്റെ കല്ലറയിൽ ഇട്ടു. അവൻ അതിൽ വീണു. ഏലിശായുടെ അസ്ഥികളെ തൊട്ടപ്പോൾ ജീവിച്ചു കാലൂന്നി എഴുന്നേറ്റു" (രണ്ടു രാജാ 13 : 21). അതുപോലെ മോശ ദൈവത്തെ കണ്ടവനാണല്ലോ. അവനിൽ നിന്ന് കേട്ടതനുസരിച്ച് ആണല്ലോ മോശ യിസ്രയേൽ ജനത്തെ നയിച്ചത്. എന്നിട്ടും യൗസേഫിന്റെ അസ്ഥികളെ മോശ ബഹുമാനത്തോടെ കനാൻ ദേശത്തേക്ക് കൊണ്ടുവന്നത് എന്തിനാണ്. മോശ യോസേഫിന്റെ അസ്ഥികളും എടുത്ത് കൊണ്ടുപോന്നു. ദൈവം നിങ്ങളെ സന്ദർശിക്കും നിശ്ചയം. അപ്പോൾ എന്റെ അസ്ഥികളും നിങ്ങൾ ഇവിടെ നിന്ന് എടുത്തുകൊണ്ടു പോകണമെന്ന് പറഞ്ഞു. അവൻ യിസ്രേയേൽ മക്കളെ കൊണ്ടു ഉറപ്പായി സത്യം ചെയ്യിച്ചിരുന്നു (പുറ 13 : 19-20). ആയതിനാൽ സഭാവിശ്വാസികളേ, നാം മാമോദീസമുങ്ങിയ സഭയിൽ ഉറച്ചു നിന്നുകൊണ്ടു മദ്ധ്യസ്ഥത യാചിച്ച് പ്രാർത്ഥിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുക.

# പ്രാർത്ഥന

**മേരി വർഗീസ്, മെരിലാൽ ഭവൻ**

നമ്മുടെ ആത്മീയ യാത്രയുടെ സാരസംഗ്രഹമാണ് പ്രാർത്ഥന. ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതിനുള്ള ശക്തി പ്രാർത്ഥനയ്ക്കുണ്ട്. അതുപോലെ തന്നെ ദൈവവുമായി നിരന്തര സംസർഗ്ഗത്തിൽ വസിക്കുന്നതിനുള്ള ശക്തി പ്രാർത്ഥനയ്ക്ക് ഉണ്ട്. ദൈവവുമായുള്ള ആത്മീയ ഐക്യമാണ് പ്രാർത്ഥന. യേശുവിന്റെ പ്രാർത്ഥന ഇങ്ങനെയായിരുന്നു.

പിതാവേ, നീ എന്നിലും, ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ ഇവർ എല്ലാവരും നമ്മിൽ ഒന്നായിരിക്കേണമേ (യോഹ 17 : 21) യേശു നമ്മെ പഠിപ്പിച്ച പ്രാർത്ഥന സ്വർഗ്ഗസ്ഥനായ പിതാവേ.... പ്രാർത്ഥിക്കുമ്പോൾ നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - നമ്മെത്തന്നെ സമർപ്പിക്കുക, ക്ഷമിച്ച് പ്രാർത്ഥിക്കുക, മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക, കരുണയ്ക്കായി പ്രാർത്ഥിക്കുക, അനുതപിച്ചു പ്രാർത്ഥിക്കുക, സമർപ്പിച്ച് പ്രാർത്ഥിക്കുക, അതായത് വിശ്വസിച്ച് പ്രത്യാശയോടുകൂടി പ്രാർത്ഥിക്കുക, തീക്ഷ്ണമായി പ്രാർത്ഥിക്കുക. ഫലം ലഭിക്കുമെന്ന് വിശ്വസിച്ച് പ്രാർത്ഥിക്കുക. കണ്ണുകൾ അടച്ച് ദൈവസ്വരം കേൾക്കുവാൻ കാതോർക്കുക. ദൈവത്തെ സ്തുതിക്കുക. ഇങ്ങനെയുള്ള പ്രാർത്ഥനയ്ക്ക് നിശ്ചയമായും മറുപടി ലഭിക്കും.